## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം
## എം .എസ്. പി. പോലീസ് കോൺസ്റ്റബിൾ റാങ്ക് ലിസ്റ്റ്

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :2982 13/7/2015-ൽ മറുപടിക്ക്

| | ചോദ്യം<br>ശ്രീ.പി.കെ. ബഷീർ എം.എൽ. | | മറുപടി<br>രമേശ് ചെന്നിത്തല<br>(ആഭ്യന്തരവുംവിജിലൻസുംവകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | 2014 സെപ്റ്റംബർ 2-ന് നിലവിൽ വന്ന എം.എസ്.പി. പോലീസ് കോൺസ്റ്റബിൾ റാങ്ക് ലിസ്റ്റിൽ നിന്നും നാളിതുവരെയായി എത്ര പേർക്ക് നിയമനം നൽകി. വിശദമാക്കാമോ ; | (എ) | എം.എസ്.പി. ബറ്റാലിയനിലെ പോലീസ് കോൺസ്റ്റബിൾ തസ്തികയിലേക്ക് 454 അഡ്വൈസുകൾ എം.എസ്.പി.യിൽ ലഭിച്ചിട്ടുണ്ട്. ഇതിൽ ആദ്യഘട്ട മെഡിക്കൽ പരിശോധനയിൽ 239 പേർ ഹാജരാകുകയും ആയതിൽ 155 പേർക്ക് നിയമനം നൽകുകയും ചെയ്തു. ബാക്കിയുള്ള 84 പേരിൽ 73 എൻ.ജെ.ഡി.കൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതിൽ ബാക്കി വരുന്ന 11 പേരിൽ 4 പേർ എക്സ്റ്റൻഷനു വേണ്ടി അപേക്ഷിച്ചവരും, 4 പേർ ക്രൈം കേസിൽപ്പെട്ടവരും, 3 പേർ ട്രയിനിംഗിന് ഹാജരാകാത്തവരുമാണ്. ട്രെയിനിംഗിൽ ഹാജരാകാത്ത മൂന്നു പേരുടെ എൻ.ജെ.ഡി റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. 215 പേർക്ക് രണ്ടാം ഘട്ട മെഡിക്കൽ പരിശോധനയിൽ ഹാജരാകുന്നതിനായി അറിയിപ്പ് നൽകിയിട്ടുള്ളതും ആയതിൽ 183 പേർ ഹാജരാകുകയും 32 പേരുടെ എൻ.ജെ.ഡി റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. |
| (ബി) | നിലവിൽ എം.എസ്.പി. പോലീസ് കോൺസ്റ്റബിൾ തസ്തികയിൽ എത്ര ഒഴിവുകളാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത് ; വ്യക്തമാക്കുമോ ; | (ബി) | 134 ഒഴിവുകൾ പി.എസ്.സി.യെ അറിയിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത തസ്തികയിലെ ഒഴിവുകൾ റിപ്പോർട്ടു ചെയ്യുന്ന കാര്യത്തിൽ എന്തെങ്കിലും വീഴ്ചകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത തസ്തികയിലെ മുഴുവൻ ഒഴിവുകളും അടിയന്തിരമായി റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (സി) | വീഴ്ചകൾ ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ